പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 370 | 02.12.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനും വൈദ്യുതി നിരക്ക് വർഷം തോറും വർദ്ധിപ്പിക്കാനും സന്നദ്ധമാണെന്നു കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (എ) ഇല്ല. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (State Distribution Companies (DIS COMS)) വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme)യ്ക്ക് രൂപം നൽകുകയുണ്ടായി. വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യ ത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള തുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തി ലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.<br>സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷം തോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും വിതരണ മേഖലയിൽ ഫ്രാഞ്ചൈസി മുഖേനയോ പൊതു സ്വകാര്യ പങ്കാളിത്തം മുഖേനയോ സ്വകാര്യ മേഖലയുടെ ഇടപെടൽ സംസ്ഥാനത്ത് അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 1നു മുൻപ് വൈദ്യുതി താരിഫ് പുതുക്കി നിശ്ചയിക്കണമെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾക്ക് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; | (ബി) ഊർജ്ജ മന്ത്രാലയം നിഷ്ക്കർഷിച്ച പ്രകാരമുള്ള നിബന്ധനകൾക്കും ധാരണകൾക്കും വിധേയമായി സാമ്പത്തിക പുന:രുദ്ധാരണ പദ്ധതിയ്ക്ക് രൂപം നൽകണമെന്നും ടി പദ്ധതിയിൽ ചേരുന്നതിന് നിരുപാധിക സന്നദ്ധത അറിയിക്കണമെന്നും 07-03-2013-ലെ കത്തു പ്രകാരം കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. |

| | | |
|---|---|---|
| (സി) ഇത്തരത്തിലുള്ള നീക്കം മൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (സി) & (ഡി) | ബാധകമല്ല. |
| (ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ.